# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5628 05/07/2013 ൽ മറുപടി നൽകേണ്ടിയിരുന്നത്

### വയനാട് ജില്ലയിലെ സ്മാർട്ട് ക്ലാസ്സ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. വി. ശ്രേയാംസ് കുമാർ | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ക്ലാസ്സ് മുറികൾ സ്മാർ ട്ട് ക്ലാസ്സ് മുറികളാക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ ; | എ) നടപടികൾ സ്വീകരിച്ചുവരുന്നു |
| ബി) പ്രസ്തുത പദ്ധതിയുടെ 2012 - 13 സാമ്പത്തിക വർഷത്തെ ഭൗതിക ലക്ഷ്യം എത്രയായിരുന്നു ; വ്യക്തമാക്കുമോ ; | ബി) ക്ലാസ് മുറികളിലെ പഠന-ബോധന പ്രവർത്തനങ്ങൾ വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം പ്രയോജനപ്പെടുത്തി അനായാസവും ഫലപ്രദവുമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അടച്ചുറപ്പുള്ള വൃത്തിയായ ക്ലാസ് റൂമിൽ കമ്പ്യൂട്ടർ, മൾട്ടിമീഡിയ പ്രൊജക്ടർ, ഇന്റർനെറ്റ് എന്നിവയുടെ സഹായത്തോടെ പാഠഭാഗങ്ങളെ എളുപ്പമാക്കുക എന്നതാണ് സ്മാർട്ട് ക്ലാസ് റൂം സ്കീം കൊണ്ട് ഉദ്ദേശിക്കുന്നത്. |
| സി) ഇതിനായി എന്ത് തുക 2012 -13 ബഡ്ജറ്റിൽ നീക്കിവച്ചിരുന്നുവെന്നും അതിൽ എന്ത് തുക ചെലവഴിച്ചെന്നും വ്യക്തമാക്കുമോ ; | സി) 2012-13 സാമ്പത്തിക വർഷത്തിൽ ഇതിനായി ബജറ്റിൽ തുകയൊന്നും നീക്കിവച്ചിരുന്നില്ല. |
| ഡി) വയനാട് ജില്ലയിലെ എത്ര ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ്സ് മുറികൾ ആക്കി എന്നതിന്റെ നിയോജകമണ്ഡലം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ? | ഡി) 2012-13 ൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളൂ ആയതിനാൽ വയനാട് ജില്ലയിലെ എത്ര ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് മുറികൾ ആക്കി എന്നതിന്റെ നിയോജകമണ്ഡലം തിരിച്ചുള്ള വിവരം ലഭ്യമാക്കാൻ നിർവാഹമില്ല. |

സെക്ഷൻ ഓഫീസർ